**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2819** **25-06-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കുള്ള ധനസഹായ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഏറനാട് മണ്ഡലത്തിൽ 2022-23,2023-24 എന്നീ സാമ്പത്തിക വർഷങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും വകുപ്പ് മന്ത്രിയുടെ ചികിത്സാ നിധിയിൽ നിന്നുമുള്ള ധനസഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്രപേർക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ടെന്നും അറിയിക്കാമോ; | (എ) | ഏറനാട് മണ്ഡലത്തിൽ 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ പട്ടികജാതി വിഭാഗത്തിൽ നിന്നും 82 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 82 അപേക്ഷകൾക്കും വകുപ്പ് മന്ത്രിയുടെ ചികിത്സാ നിധിയിൽ നിന്നുമുള്ള ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.<br><br>ഏറനാട് മണ്ഡലത്തിൽ നിന്നും 2022-23 വർഷം പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തിനായി 5 അപേക്ഷകൾ ലഭ്യമാകുകയും, ഇവർക്ക് ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2023-24 വർഷം ഏറനാട് മണ്ഡലത്തിലെ പട്ടികവർഗ്ഗക്കാരിൽ നിന്നും അപേക്ഷകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല. |
| (ബി) | കുടുംബത്തിന്റെ ഏക വരുമാന ദാതാവ് മരണപ്പെട്ട് നിരാശ്രയരായ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വകുപ്പ് മുഖേന ആശ്വാസ ധനസഹായമായി നിലവിൽ എത്ര രൂപ നൽകുന്നുവെന്ന് വ്യക്തമാക്കാമോ; | (ബി) | കുടുംബത്തിന്റെ ഏക വരുമാന ദാതാവ് മരണപ്പെട്ട് നിരാശ്രയരായ പട്ടികജാതി കുടുംബങ്ങൾക്ക് ആശ്വാസ ധനസഹായമായി നിലവിൽ 2,00,000/- രൂപ അനുവദിച്ചുവരുന്നു. ഏക വരുമാന ദാതാവ് മരണപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങൾക്കും നിബന്ധനകൾക്ക് വിധേയമായി 2 ലക്ഷം രൂപ വരെ അനുവദിച്ചുവരുന്നുണ്ട്. |
| (സി) | ഏറനാട് മണ്ഡലത്തിൽ നിന്നും കഴിഞ്ഞ സാമ്പത്തിക വർഷവും നാളിതുവരെയും ആശ്വാസ ധനസഹായത്തിനായി എത്ര അപേക്ഷ ലഭിച്ചിരുന്നുവെന്നും എത്ര ആളുകൾക്ക് ധനസഹായം നല്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (സി) | ഏറനാട് മണ്ഡലത്തിൽ നിന്നും കഴിഞ്ഞ സാമ്പത്തിക വർഷവും നാളിതുവരെയും ആശ്വാസ ധനസഹായത്തിനായി പട്ടികജാതി വിഭാഗത്തിൽ നിന്നും 15 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. നിലവിൽ ആർക്കും ധനസഹായം നൽകിയിട്ടില്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായം നൽകുന്നതാണ്.<br><br>കഴിഞ്ഞ സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഏറനാട് മണ്ഡലത്തിൽ നിന്നും പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും ഏകവരുമാന ദായകന്റെ |

| | | | |
|---|---|---|---|
| | | | മരണത്തെ തുടർന്നുള്ള ധനസഹായത്തിനായി അപേക്ഷകൾ ഒന്നും ലഭ്യമായിട്ടില്ല. |
| (ഡി) | പ്രസ്തുത പദ്ധതികളിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി അറിയിക്കാമോ? | (ഡി) | പ്രസ്തുത പദ്ധതികളിൽ നിന്നും പട്ടികജാതിക്കാർക്ക് ധനസഹായം അനുവദിക്കുന്നതിന് ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് കാലതാമസം ഉണ്ടാകുന്നുണ്ട്. ആയതിനാൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്നതാണ്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിൽ ധനസഹായത്തിനായി സമർപ്പിക്കുന്ന അപേക്ഷകൾ യഥാസമയം പരിശോധിച്ച് സമയബന്ധിതമായി ആനുകൂല്യം അനുവദിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **2819** **25/06/2024** ലെ മറുപടിയ്ക്ക്

**<u>പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ധനസഹായ പദ്ധതികൾ</u>**

| | ചോദ്യം<br>ശ്രീ. പി.കെ.ബഷീർ | | മറുപടി<br>ഒ.ആർ. കേളു<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കവിഭാഗ ക്ഷേമ വകുപ്പുമന്ത്രി) |
|---|---|---|---|
| എ) | ഏറനാട് മണ്ഡലത്തിൽ 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും വകുപ്പ് മന്ത്രിയുടെ ചികിത്സാ നിധിയിൽ നിന്നുമുള്ള ധനസഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്രപേർക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ടെന്നും അറിയിക്കാമോ; | എ) | ഏറനാട് മണ്ഡലത്തിൽ 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ പട്ടികജാതി വിഭാഗത്തിൽ നിന്നും 82 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 82 അപേക്ഷകൾക്കും വകുപ്പ് മന്ത്രിയുടെ ചികിത്സാ നിധിയിൽ നിന്നുമുള്ള ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.<br><br>ഏറനാട് മണ്ഡലത്തിൽ നിന്നും 2022-23 വർഷം പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തിനായി 5 അപേക്ഷകൾ ലഭ്യമാകുകയും, ഇവർക്ക് ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2023-24 വർഷം ഏറനാട് മണ്ഡലത്തിലെ പട്ടികവർഗ്ഗക്കാരിൽ നിന്നും അപേക്ഷകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല. |
| ബി) | കുടുംബത്തിന്റെ ഏക വരുമാന ദാതാവ് മരണപ്പെട്ട് നിരാശ്രയരായ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വകുപ്പ് മുഖേന ആശ്വാസ ധനസഹായമായി നിലവിൽ എത്ര രൂപ നൽകുന്നുവെന്ന് വ്യക്തമാക്കാമോ; | ബി) | കുടുംബത്തിന്റെ ഏക വരുമാന ദാതാവ് മരണപ്പെട്ട് നിരാശ്രയരായ പട്ടികജാതി കുടുംബങ്ങൾക്ക് ആശ്വാസ ധനസഹായമായി നിലവിൽ 2,00,000/-രൂപ അനുവദിച്ചുവരുന്നു. ഏക വരുമാന ദാതാവ് മരണപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങൾക്കും നിബന്ധനകൾക്ക് വിധേയമായി 2 ലക്ഷം രൂപ വരെ അനുവദിച്ചുവരുന്നുണ്ട്. |
| സി) | ഏറനാട് മണ്ഡലത്തിൽ നിന്നും കഴിഞ്ഞ സാമ്പത്തിക വർഷവും നാളിതുവരെയും ആശ്വാസ ധനസഹായത്തിനായി എത്ര അപേക്ഷ ലഭിച്ചിരുന്നുവെന്നും എത്ര ആളുകൾക്ക് ധനസഹായം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | സി) | ഏറനാട് മണ്ഡലത്തിൽ നിന്നും കഴിഞ്ഞ സാമ്പത്തിക വർഷവും നാളിതുവരെയും ആശ്വാസ ധനസഹായത്തിനായി പട്ടികജാതി വിഭാഗത്തിൽ നിന്നും 15 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. നിലവിൽ ആർക്കും ധനസഹായം നൽകിയിട്ടില്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായം നൽകുന്നതാണ്. |

| | | | |
|---|---|---|---|
| | | | കഴിഞ്ഞ സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഏറനാട് മണ്ഡലത്തിൽ നിന്നും പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും ഏകവരുമാന ദായകന്റെ മരണത്തെ തുടർന്നുള്ള ധനസഹായത്തിനായി അപേക്ഷകൾ ഒന്നും ലഭ്യമായിട്ടില്ല. |
| ഡി) | പ്രസ്തുത പദ്ധതികളിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി അറിയിക്കാമോ? | ഡി) | പ്രസ്തുത പദ്ധതികളിൽ നിന്നും പട്ടികജാതിക്കാർക്ക് ധനസഹായം അനുവദിക്കുന്നതിന് ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് കാലതാമസം ഉണ്ടാകുന്നുണ്ട്. ആയതിനാൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്നതാണ്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിൽ ധനസഹായത്തിനായി സമർപ്പിക്കുന്ന അപേക്ഷകൾ യഥാസമയം പരിശോധിച്ച് സമയബന്ധിതമായി ആനുകൂല്യം അനുവദിച്ച് വരുന്നുണ്ട്. |

Anju. K. R.

**സെക്ഷൻ ഓഫീസർ**